(iii) UNSTARRED QUESTIONS AND ANSWERS

മണനാക്കു്—ചെറുന്നിയൂർറോഡു്

72. [1] ശ്രീ. സി, കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നു ബസ്സുകളും ഓടുന്ന മണനാക്കു്—ചെറുന്നിയൂർ റോഡു് മെറ്റൽ ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അടിയന്തിരമായി ഈ റോഡു് വളവുകളും തീർത്തു് മെറ്റൽ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ധനദൌർല്ലഭ്യം കാരണം പണി ഇപ്പോൾ തുടങ്ങുവാൻ സാദ്ധ്യമല്ല.

പാലം പണി

73. [2] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരിയിൽ തുരുത്തിദേശത്തു് കോട്ടയം തോടിലുള്ള ഗോവേണിപ്പാലം ഇല്ലാതായിട്ടു എത്ര നാളായി ;

(ബി) അവിടെ ഒരു പാലം പണിയുകിട്ടുന്നതിനുവേണ്ടി പൊതുജനങ്ങൾ നിരന്തരമായി നിവേദനം നടത്തിയിട്ടും നാളുവരെ യാതൊന്നും പ്രവർത്തിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു് ;

(സി) ആയതിലേക്കു് വേണ്ട നടപടികളും ഉടൻതന്നെ കൈക്കൊള്ളുമോ ?

ഉത്തരം.

(എ) ഏകദേശം ഒരു വർഷം.

(ബി, സി) വിവരം ഗവണ്മെൻറിന്റെ അറിവിൽപ്പെടുകയും അതിന്റെ ഫലമായി വേണ്ട നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഒരു പാലം പണിയുന്നതിനു് വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ടു്.

കോട്ടയത്തുകടവു–തേവള്ളിപാലം

74. [3] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്തുകടവു്–തേവള്ളിപാലത്തിന്റെ പണിക്കു് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക കുറവാണെന്നുകണ്ടു് കൂടുതൽ തുക അനുവദിച്ചുകിട്ടുന്നതിനു് കൊല്ലം ജില്ലാ ഡെവലപ്പുമെൻറു് കൌൺസിലിൽ നിന്നും റസല്യൂഷൻ പാസ്സാക്കി ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റസല്യൂഷന്റെ വെളിച്ചത്തിൽ എന്തെങ്കിലും തുക കൂടുതലായി അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത പാലത്തിന്റെ പണി ഇനിയും നീണ്ടുപോകാതിരിക്കാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഈ പാലത്തിന്റെ പണിക്കു് കൂടുതൽ തുക അനുവദിക്കണമെന്നു്, കൊല്ലം ഡി. ഡി. സി. യുടെ 31-7-1963-ൽ കൂടിയ യോഗം റസല്യൂഷൻ പാസ്സാക്കിയിട്ടുണ്ടു്.

(ബി) ഈ കാര്യം പരിഗണനയിലിരിക്കുന്നു.

(സി) ഈ പാലത്തിന്റെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു.

കമ്പൗണ്ടിംഗു് പരിശീലനം.

75. [4] ശ്രീ. പി. സി. ആദിച്ചൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കമ്പൗണ്ടിംഗു് പരിശീലിപ്പിക്കുന്നതിനു് എവിടെയെല്ലാം ഇപ്പോൾ കേന്ദ്രങ്ങൾ ഉണ്ടു് ;

(ബി) ഓരോ കേന്ദ്രത്തിലും എത്രപേർക്കു് ഇപ്പോൾ പരിശീലനം കൊടുത്തുവരുന്നു;

(സി) അവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വെയ്ക്കുമോ ;

(ഡി) അവർക്കു പ്രതിമാസം സ്റ്റൈപ്പൻറു് കൊടുക്കുന്നുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എത്രയുക വീതം ;

(എഫു്) അവരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തു് ?

ഉത്തരം.

(എ, ബി) 1. ഡിസ്പെൻസറി ഹോസ്പിറ്റൽ, തിരുവനന്തപുരം 41 പേർക്കു്

2. ജനറൽ ഹോസ്പിറ്റൽ, എറണാകുളം 44 ,,

3. മെഡിക്കൽകോളേജു് ഹോസ്പിറ്റൽ, കോഴിക്കോടു് 41 ,,

4. ഡിസ്പെൻസറി ഹോസ്പിറ്റൽ, പാലക്കാടു് 36 ,,

(സി) മേശപ്പുറത്തു വെച്ചിട്ടുണ്ടു്. *

(ഡി) ഇല്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

(എഫു്) എസ്സു്. എസ്സു്. എൽ. സി. യ്ക്കു് കിട്ടിയിട്ടുള്ള മാർക്കിന്റെ അടിസ്ഥാനത്തിലും സാമുദായികപ്രാതിനിദ്ധ്യപരിഗണനയിലും കൂടിയാണു് പരിശീലകരെ തിരഞ്ഞെടുക്കുന്നതു്.

ഗവണ്മെൻറു് ആശുപത്രിക്കു് കെട്ടിടം

76. [6] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടുജില്ലായിൽ അരിക്കോടു് ഗവണ്മെൻറാശുപത്രിക്കു ഒരു കെട്ടിടം കെട്ടുവാൻ നാട്ടുകാരുടെവക ഒരു സ്ഥലം ഗവണ്മെൻറിലേക്കു് 1961-ൽ വിട്ടുതന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തു് ഒരു കെട്ടിടം കെട്ടുന്നതിനുള്ള താമസമെന്തു് ;

* Appendix VII

LIBRARY ARCHIVES Kerala Legislative Assembly